മി. സ്പീക്കർ: അത് ആടുവളർത്തൽ തന്നെയാണ്.

ശ്രീ എൻ. ഐ. ദേവസ്സിക്കുട്ടി: സിറോസർലാൻറിൽനിന്നും ചില്ലയിനം ആടുകളെ ഇറക്കുമതി ചെയ്തു നാടൻ ആടുകളിൽനിന്നും സങ്കര ഇനം ആടുകളെയുണ്ടാക്കി അത് ഒരു പരിപാടിയായി വിജയിപ്പിക്കുന്നതിനു ഗവൺമെൻറിനും കാർഷിക സർവ്വകലാശാലയ്ക്കും ഒരു പദ്ധതി ഉണ്ടായിരുന്നു. ആ പദ്ധതിയുടെ പുരോഗതി എന്തായി; വിജയിച്ചോ; നാടൻ ഇനത്തിൽനിന്നും സങ്കരയിനത്തിന് ജനിപ്പം നൽകിയോ?

ശ്രീ. എ. എൽ. ജേക്കബ്: കേരള കാർഷികസർവ്വകലാശാല യൂറോപ്പിൽനിന്നും ഇറക്കുമതിചെയ്ത സാലിൻ എന്ന മേൽത്തരം ആടിനെ ഉപയോഗിച്ച് സങ്കരയിനങ്ങളുടെ ഉത്പാദനം നടന്നുകൊണ്ടിരിക്കുകയാണ്. മലബാറി ഇനത്തിൽനിന്നും ദിവസേന ശരാശരി 1.2 ലിറ്റർ പാൽ കിട്ടുന്നുണ്ട്. ഇത് ക്രോസ് ചെയ്തിട്ട് 2 ലിറ്റർ വരെ കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ജനാസ്വാസ്ഥ്യ രക്ഷക് കിറ്റ്

*701 [765] ശ്രീ. പി. ശങ്കർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജനസ്വാസ്ഥ്യ രക്ഷക് കിറ്റ്' എന്ന പേരിൽ കുറെ പെട്ടികൾ കേന്ദ്രഗവൺമെൻറിൽനിന്ന് വന്നിട്ടുണ്ടോ; എത്ര പെട്ടികൾ ഉണ്ട്;

(ബി) എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്;

(സി) അതിനുള്ള പരിപാടി തയ്യാറാക്കിയോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്. 1600 കിറ്റുകൾ കിട്ടിയിട്ടുണ്ട്.

(ബി) നഗ്നപാദ ഡോക്ടർമാർക്ക് (കമ്മ്യൂണിറ്റി ഹെൽത്ത് വർക്കർ) വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയാണ്.

(സി) നഗ്നപാദ ഡോക്ടർ പരിപാടി (കമ്മ്യൂണിറ്റി ഹെൽത്ത് വർക്കർ സ്കീം) കേന്ദ്രസർക്കാർ ആവിഷ്കരിച്ചിരിക്കുന്ന രീതിയിലല്ല ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഈ സംസ്ഥാനത്തെ പരിതഃസ്ഥിതികൾക്ക് അനുയോജ്യമായ രീതിയിലുള്ള ഒരു പരിഷ്കരിച്ച പദ്ധതി കേന്ദ്രാനുമതിയോടുകൂടി നടപ്പിലാക്കേണ്ട കാര്യം പരിഗണനയിലിരിക്കുകയാണ്. അതുകൊണ്ട് കിട്ടിയ കിറ്റുകൾ തൽക്കാലം ഇവിടെ ഉപയോഗമില്ലാത്തതിനാൽ കേന്ദ്ര സർക്കാരിൻറെ നിർദ്ദേശപ്രകാരം ആന്ധ്രാ ഗവൺമെൻറിന് അവരുടെ ചെലവിൽ കൈമാറാനായി നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ശങ്കർ: നഗ്നപാദ ഡോക്ടർമാർക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പെട്ടികളെന്നും അവ തിരിച്ച് അയക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്നും മന്ത്രി മറുപടിനൽകി. പിന്നെ ഇവിടെ ഒരു പദ്ധതിയുണ്ടെന്നും പറയുന്നു. അങ്ങനെയൊരു പദ്ധതി ഉണ്ടെങ്കിൽ പിന്നെന്തിനാണ് അതു തിരിച്ചയക്കുവാൽ ഉദ്ദേശിക്കുന്നത്. അതു ഉപയോഗപ്പെടുത്തുവാൻ കഴിയുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ മറുപടി മുഴുവൻ ശ്രദ്ധിച്ചുകാണുകയില്ല. നഗ്നപാദ ഡോക്ടർമാരുടെ സേവനം കേരളത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ ആ സമ്പ്രദായം ഇല്ലാത്തതുകൊണ്ടാണ് അത് മടക്കിഅയക്കുവാൻ നടപടി സ്വീകരിച്ചത്. അതിനു പകരമായി ഒരു സ്കീം നമ്മുടെ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തത്വത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച പദ്ധതിയനുസരിച്ച് അല്ല ഈ പരിപാടി. 50 രൂപ അലവൻസ് കൊടുത്ത് കൈവശം മരുന്നും കൊടുത്ത് അയക്കുന്ന ഏർപ്പാടാണിത്. അത് ചികിൽസാ സൗകര്യം വേണ്ടത്ര ഇല്ലാത്ത ഗ്രാമപ്രദേശങ്ങളെ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. എന്നാൽ കേരളത്തിൽ ഡിസ്പെൻസറികളില്ലാത്ത ഒരൊറ്റ പഞ്ചായത്തുപോലുമില്ല. അതയ്ക്കു മെഡിക്കൽ സൗകര്യങ്ങൾ ഇവിടെ ധവലപ്പ് ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തുകളിൽ ഏതെങ്കിലും തരത്തിലുള്ള ഒരു ഡിസ്പെൻസറിയെങ്കിലും ഇന്നുണ്ട്. പിന്നെ ഈ ഫണ്ടുപയോഗിച്ചുകൊണ്ട് ഓരോ പഞ്ചായത്തിലും മൂന്നു കാറഗറിയിലുമുള്ള ഡിസ്പെൻസറികൾ തുടങ്ങുന്നതിനും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് ഇൻഡിജീനസ് മെഡിസിനെ പ്രോൽസാഹിപ്പിക്കുന്നതിനുമുതകുന്ന ഒരു പദ്ധതിയാണ് നാം മുന്നോട്ടു വച്ചിട്ടുള്ളത്. അതനുസരിച്ചു കണക്കാക്കിയിട്ടുള്ളത് ഒരു പ്രാഥമിക ചികിൽസാ കേന്ദ്രത്തിൽ മൂന്നു ലക്ഷം രൂപയുടെ ചെലവ് വരുമെന്നാണ്. ഒരു ലക്ഷം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ 1,74,000 രൂപയ്ക്കുള്ള അംഗീകാരം കേന്ദ്ര ഗവൺമെന്റ് തരാമെന്ന് പറഞ്ഞിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് കൂടുതൽ ഡിസ്പെൻസറികൾ സ്ഥാപിക്കുകയും പരീക്ഷായോഗ്യതകളുള്ള ഡോക്ടർമാരെ നിയമിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കിറ് കൊണ്ടുനടക്കുന്നവർക്ക് കുത്തിവയ്ക്കാനുള്ള അവകാശം ഉണ്ടോ; ജനന നിയന്ത്രണത്തിനുവേണ്ടി ഇവർക്ക് ഫലപ്രദമായി മറ് ഏതെങ്കിലും പ്രയോഗം നടത്താനുള്ള അധികാരമുണ്ടോ ?

(ഉത്തരം പറഞ്ഞില്ല.)

ശ്രീ. ഇ. പി. ഗോപാലൻ: കിറ് ഇവിടെ പൊളിച്ചുനോക്കിയിട്ട് എന്താണ് അതിലുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; അങ്ങനെ പരിശോധിച്ചിട്ടുണ്ടെങ്കിൽ അത് ഇവിടെ പ്രയോഗിച്ചു നോക്കിയിട്ട് പറയുകയില്ലാ എന്നുണ്ടെങ്കിൽമാത്രം തിരിച്ചയച്ചാൽ മതിയായിരുന്നില്ലേ ?

ശ്രീ. കെ. പി. പ്രഭാകരൻ: നമുക്ക് ആവശ്യമില്ലാത്തതായതു കൊണ്ടാണ് മടക്കി അയക്കുവാൻ തീരുമാനം എടുത്തത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ വൈദ്യശുശ്രൂഷാ സഹായം എത്തിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കേരളത്തിലെ പരിതഃസ്ഥിതിക്ക് യോജിച്ച വിധത്തിൽ നടപ്പിലാക്കുന്നതിന് കഴിഞ്ഞകൊല്ലം കേന്ദ്രഗവൺമെന്റ് എത്ര കോടി രൂപയാണ് തരാമെന്നു പറഞ്ഞത്? ആ സംഖ്യ ഉപയോഗിക്കുന്നതിന്റെ അലോട്ടുമെന്റ് കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. പി. പ്രഭാകരൻ: നമ്മുടെ പദ്ധതിയനുസരിച്ച് ഓരോ പ്രാഥമിക സബ്സെൻറുകളിലും ഓരോ കമ്മ്യൂണിറ്റി ഡോക്ടർമാരെ നിയമിക്കുവാനുള്ള പദ്ധതിയാണ് മുമ്പോട്ടു വച്ചിട്ടുള്ളത്. ഒരു പ്രാഥമിക കേന്ദ്രത്തിൽ പത്തോ പതിനൊന്നോ സബ് സെൻറുകളുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അവിടെയെല്ലാം ഓരോ ഡോക്ടർമാരെ നിയമിക്കണമെങ്കിൽ 3 ലക്ഷം രൂപ യുടെബാദ്ധ്യത വരും. എന്നാൽ 1,74,000 രൂപകൊണ്ട് ഈ പദ്ധതി നടപ്പി ലാക്കുവാൻ ശ്രമിക്കണമെന്നാണ് കേന്ദ്ര ഗവൺമെൻറ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞവർഷം കേന്ദ്രഗവൺമെൻറ് പണം അലോട്ടു ചെയ്തിരുന്നില്ല. ഈ പദ്ധതി ഇപ്പോഴാണ് ആദ്യമായിട്ടാണ് മുമ്പോട്ടുവച്ചിട്ടുള്ളത്. 19-12-1978-ൽ ആണ് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് മറുപടി കിട്ടിയത്. പ്രായോഗികമായി അംഗീകരിച്ചാൽ മാത്രമേ പണം കിട്ടുകയുള്ളു.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: ഡോക്ടർമാർ നഗ്നപാദരായിരി ക്കണമെന്നുള്ള കാര്യത്തിൽ എന്തെങ്കിലും നിർബന്ധമുണ്ടോ, അവർ ചെരുപ്പ് ഉപയോഗിച്ചാൽ അപകടം ഉണ്ടാകുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അതിനെക്കുറിച്ച് ബഹുമാനപ്പെട്ട രാജ്നാരായണനോടു ചോദിച്ചാലേ അറിയുകയുള്ളു.

പിന്നോക്ക വിഭാഗക്കാർക്ക് നിയമനങ്ങളിൽ മുൻഗണന നൽകാൻ നടപടി

* 702 [766] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ;

(ബി) സംവരണാനുകൂല്യം ഇതുവരെ ലഭിക്കാത്ത പിന്നോക്ക വിഭാഗക്കാർക്ക് നിയമനങ്ങളിൽ മുൻഗണന നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ;

(സി) കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന അഖിലേന്ത്യാ പ്രദർശനങ്ങളിൽ കാർഷിക സർവകലാശാല പവലിയനുകൾ സംഘടിപ്പി ച്ചതിൽ അഴിമതി നടന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിൻമേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായി?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചുള്ള സംവരണാനു കൂല്യങ്ങൾ പിന്നോക്ക വിഭാഗക്കാർക്ക് നൽകിവരുന്നുണ്ട്.

(സി) ഇല്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: 'എ' യുടെ ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി 'ഉണ്ട്' എന്ന മറുപടി നൽകി. എന്നാൽ അത് എന്നുമുതൽക്കാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ്: ആരംഭം മുതൽ.

LIBRARY ARCHIVES Kerala Legislative Assembly